# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1042 — 30.11.2018-ലെ മറുപടി

### തഴക്കര കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ് | | കെ.കൃഷ്ണൻ കുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ തഴക്കര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | മാവേലിക്കര മുനിസിപ്പാലിറ്റിക്കും തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾക്കുമായി വിഭാവനം ചെയ്തിട്ടുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതികൾക്കായുള്ള പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. വിശദമായ എഞ്ചിനിയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നടത്തേണ്ട ഡിജിറ്റൽ സർവ്വേ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ സർവ്വേ നടപടികൾ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | സർവ്വേ നടപടികൾക്കായി 2018-19 ലെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ദർഘാസ് നടപടികൾ പൂർത്തിയാക്കി സർവ്വേ ആരംഭിച്ചിട്ടുള്ളതും ആയത് പുരോഗമിച്ചു വരികയുമാണ്. |
| (സി) | സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | തഴക്കര പദ്ധതിയിൽ ഉൾപ്പെടുത്തിയ രണ്ട് സംഭരണികളിൽ ഒന്നിന്റെ സ്ഥലം പഞ്ചായത്തിന്റെ കൈവശം ഉള്ളതും വാട്ടർ അതോറിറ്റിയ്ക്ക് |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | കൈമാറ്റം ചെയ്യാമെന്ന് സമ്മതിച്ചിട്ടുള്ളതുമാണ്. രണ്ടാമത്തെ സംഭരണിയ്ക്ക് വേണ്ട സ്ഥലം പഞ്ചായത്ത് വിലയ്ക്ക് വാങ്ങി നൽകാമെന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ശൃംഖലയിൽ ബാക്കിയുള്ള ഘടകങ്ങൾ വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള സ്ഥലങ്ങളിൽ ആണ് ഉദ്ദേശിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ